LIBRARY ARCHIVES Kerala Legislative Assembly

ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ

72 (1936) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് നികത്തപ്പെടാനുള്ളത് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിരമായി നിർദ്ദേശം നൽകുമോ ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും 10-9-2014-ലെ 19493/ഉപ.സി3/14 ഉഭപവ നമ്പർ പരിപത്രം പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ല-എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

73 (1937) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2012-ൽ ഇടുക്കി ജില്ലയിൽ നിലവിൽ വന്ന വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി ; ഓപ്പൺ മെറിറ്റിൽ എത്ര പേർക്ക് നിയമനം നൽകി ; സംവരണത്തിൽ എത്ര പേർക്ക് നിയമനം നൽകി ;